ഭരണഭാഷ - മാതൃഭാഷ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം-33)

(ഹാജർ : എം.സി.മോഹൻദാസ്, ഐ.എ.എസ്)

നമ്പർ :എൽ.ആർ.എൻ1-20/2016 **തീയതി :** 01.03.2016

വിഷയം : റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ പരിശീലനം - തിരുവനന്തപുരം /തൃശ്ശൂർ കേന്ദ്രങ്ങൾ - റിലിംഗിഷ്മെന്റ് ചെയ്ത ജീവനക്കാരെ പരിശീലനത്തിൽ നിന്നൊഴിവാക്കിയും പകരം ജീവനക്കാരെ നിയോഗിച്ചും ഉത്തരവാകുന്നത്-സംബന്ധിച്ച്.

സൂചന : 1. ഈ കാര്യാലയത്തിലെ മേൽ നമ്പർ നടപടിക്രമം, തീയതി : 24.02.2016

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ എസ്7-6001/16 നമ്പർ കത്ത്, തീയതി : 29.02.16.

3. കൊല്ലം ജില്ലാ കളക്ടറുടെ ഇ4-394/15 നമ്പർ കത്ത്, തീയതി : 29.02.16.

4. എറണാകുളം ജില്ലാ കളക്ടറുടെ ഇ7-07/15 നമ്പർ കത്ത്, തീയതി : 29.02.16.

01.03.2016 - 31.03.2016 കാലയളവിലെ ചെയിൻ സർവ്വെ പരിശീലനത്തിനായി (തിരുവനന്തപുരം /തൃശ്ശൂർ കേന്ദ്രങ്ങൾ) സൂചന (1) പ്രകാരം ജീവനക്കാരെ നിയോഗിച്ചു ത്തരവായിരുന്നു. ടി നടപടിക്രമത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് ശ്രീ.വി.എസ്.ബിജുകുമാർ, ശ്രീ.രതീഷ്.വി, ശ്രീമതി.ശ്രീജ.റ്റി, ശ്രീമതി.ലതാകുമാരി.വി എന്നിവർ റിലിംഗിഷ്മെന്റ് ചെയ്തതായി സൂചന (1) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ നിന്ന് ശ്രീമതി.ശാലിനി.എസ്.എൻ, എറണാകുളം ജില്ലയിൽ നിന്ന് ശ്രീ.എൽദോ.കെ.സി, ശ്രീമതി.വിജിമോൾ.പി, ശ്രീമതി.ബീനാകുമാരി, ശ്രീമതി.സരിത.ഐ, ശ്രീമതി.ആതിര.എ. എന്നിവർ റിലിംഗിഷ്മെന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതായി സൂചന (3), (4) എന്നിവ പ്രകാരം കൊല്ലം, എറണാകുളം ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിന്ന് തിരുവനന്തപുരം കേന്ദ്രത്തിൽ നിയോഗിച്ചിട്ടുള്ള ശ്രീമതി.സുഷമ.പി.എസ് എൽ.ഡി.ടൈപ്പിസ്റ്റായി തസ്തികമാറ്റം വാങ്ങിയിട്ടുള്ളതിനാൽ ടിയാളെ പരിശീലന ത്തിൽ നിന്നൊഴിവാക്കണമെന്നുകൂടി എറണാകുളം ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സൂചന (2) മുതൽ 4 വരെയുള്ള കത്തുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശജീവനക്കാരെ പ്രസ്തുത കാലയളവിലെ അതത് കേന്ദ്രങ്ങളിലെ ചെയിൻസർവ്വ പരിശീലനത്തിൽ നിന്നൊഴിവാക്കികൊണ്ടും ടി കേന്ദ്രങ്ങളിൽ പകരം ജീവനക്കാരെ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

## തിരുവനന്തപുരം കേന്ദ്രം

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|
| 1 | രഞ്ജിത.എസ്.നായർ | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | തിരുവനന്തപുരം |
| 2 | ശ്രീജ.പി.എസ് | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | തിരുവനന്തപുരം |
| 3 | ജൂലിജോൺസൺ | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | ആലപ്പുഴ |
| 4 | റ്റി.ഷാജി | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | കോട്ടയം |
| 5 | നിഷാസ്റ്റീഫൻ | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | എറണാകുളം |
| 6 | രശ്മി.പി.എസ് | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | എറണാകുളം |

## തൃശ്ശൂർ കേന്ദ്രം

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|
| 1 | പി.കെ.വിജയൻ | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | എറണാകുളം |
| 2 | ബിന്ദു.റ്റി.വി | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | എറണാകുളം |
| 3 | രമ.എ.റ്റി | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | എറണാകുളം |
| 4 | സുകുമാരൻ.കെ.ജി | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | തൃശ്ശൂർ |
| 5 | അനീഷ.റ്റി.എച്ച് | ജൂനിയർ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് | തൃശ്ശൂർ |

മേൽ പരാമർശിക്കുന്ന ജീവനക്കാരെ സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം / സർവ്വെ റേഞ്ച് ഓഫീസ് തൃശ്ശൂർ) മുമ്പാകെ അടിയന്തിരമായി ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനുമുമ്പ് ചെയിൻസർവ്വെ പരിശീലനം നേടിയിട്ടില്ലെന്നു ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ വിടുതൽ ചെയ്യാവൂ. പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സേവനപുസ്തകത്തിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതാണ്.

ചെയിൻസർവ്വെ പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർ റിലിംഗിഷ്മെന്റ് അപേക്ഷ സമർപ്പിക്കുന്ന പക്ഷം അതിനാധാരമായി വ്യക്തമായ കാരണമുണ്ടെന്ന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബോധ്യം വന്നാലേ ആയത് പരിഗണിക്കാവൂ അല്ലാത്തപക്ഷം ഒരു കാരണവശാലും റിലിംഗിഷ്മെന്റ് അപേക്ഷ പരിഗണിക്കേണ്ടതില്ല. ഈ ഉത്തരവ് ലഭിച്ച് 2 ദിവസത്തിനകം ആയത് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം / റിലിംഗിഷ്മെന്റ് വിവരം നിശ്ചയമായും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കണം.

ടി ഉദ്യോഗസ്ഥരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**കമ്മീഷണർ**

കക്ഷികൾക്ക് :- ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖാന്തിരം

പകർപ്പ് :-

1. ഡയറക്ടർ, സർവ്വെയും, ഭൂരേഖയും വകുപ്പ് തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെന്ട്രൽ സർവ്വെ ഓഫീസ് തിരുവനന്തപുരം
3. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ
5. ഐ.ടി.സെൽ
6. കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്